പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 3909

21-10-2016 ൽ മറുപടിക്ക്

## മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.ജോർജ് എം. തോമസ്

**മറുപടി**

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | |
|---|---|
| എ) മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ തിരുവമ്പാടി മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ തിരുവമ്പാടി മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനയോട്, ഓടവളവ്, ആനയാംകുന്ന്, പാറത്തോട് എന്നീ നീർത്തട പദ്ധതികളിലായി വിവിധ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**ആനയോട് പദ്ധതി**<br>19-03-2012 ലെ GO(Rt) No.631/2012/AD സർക്കാർ ഉത്തരവ് പ്രകാരം ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 17-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആനയോട് പദ്ധതിക്ക് ഭരണാനുമതി നൽകി. 01-11-2012 ൽ ആരംഭിച്ച 60 ലക്ഷം രൂപ അടങ്കലായുള്ള ആനയോട് നീർത്തട പദ്ധതിയിൽ നാളിതുവരെ 56.176 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാല നിർമ്മാണം, മഴക്കുഴികൾ, പുല്ലുവച്ചു പിടിപ്പിക്കൽ, തടയണ നിർമ്മാണം എന്നീ പ്രവർത്തനങ്ങളിലൂടെ 268 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.<br>**ഓടവളവ് പദ്ധതി**<br>19-03-2012 ലെ GO(Rt) No.631/2012/AD സർക്കാർ ഉത്തരവ് പ്രകാരം ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 17-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഓടവളവ് പദ്ധതിക്ക് ഭരണാനുമതി നൽകി. 01-11-2012 ൽ പ്രവർത്തനം ആരംഭിച്ച ഓടവളവ് പദ്ധതിക്കായി അനുവദിച്ച 54 ലക്ഷം രൂപയിൽ നാളിതുവരെ 51.398 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാല, തടയണ, കുളങ്ങൾ, പാർശ്വഭിത്തി, ഗാബിയോൺ പാർശ്വഭിത്തി, കർഷകർക്കായുള്ള പരിശീലനം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളിലൂടെ 221 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | **ആനയാംകുന്ന് പാറത്തോട് പദ്ധതി**<br><br>31-10-2013 ലെ GO(Rt) No.1895/2013/AD സർക്കാർ ഉത്തരവ് പ്രകാരം ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആനയാംകുന്ന് പദ്ധതിക്ക് ഭരണാനുമതി നൽകി. 29-01-2014 ന് ആരംഭിച്ച 100 ലക്ഷം രൂപ അടങ്കലായുള്ള പദ്ധതിയിൽ 67.698 ലക്ഷം രൂപ ചെലവഴിച്ച് കല്ല്കയ്യാല, മരങ്ങൾ വച്ചു പിടിപ്പിക്കൽ, ടെറസിംങ്, മഴക്കുഴികൾ, തടയണകൾ (കരിങ്കല്ല്, കാട്ടുകല്ല്, ഗാബിയോൺ), കുളങ്ങൾ, പാർശ്വഭിത്തി, നീരുറവ സംഭരണി, ക്രോസ് ചെക്ക്, കർഷകർക്കായുള്ള പരിശീലനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ 252 ഹെക്ടർ പ്രദേശത്ത് മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) പുതിയതായി നിർദ്ദേശിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലുള്ള സ്ഥിതിയെന്താണെന്നും വ്യക്തമാക്കാമോ? | (ബി) | തിരുവമ്പാടി മണ്ഡലത്തിലെ കൂട്ടക്കര നീർത്തട പദ്ധതി സെക്ടറൽ അലോക്കേഷൻ പരിമിതി മൂലം നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ